**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1061** **27-07-2021 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷകർക്ക് വിള ഇൻഷ്വറൻസ് സഹായം നൽകുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തെ കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കുടിശ്ശികയായി നൽകുവാനുണ്ടായിരുന്നത് 21 കോടി രൂപയാണ്. ഇതിൽ 20 കോടി രൂപ 2021-22ലെ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ മൂന്നിലൊന്നായ 660 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിക്കുകയും അനുവദിച്ചതിൽ 658.12079 ലക്ഷം രൂപ 3960 കർഷകർക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിൽ കർഷകർക്ക് ബാക്കി നൽകുവാനുള്ള തുക പൂർണ്ണ ബഡ്ജറ്റ് പാസ്സാകുന്ന മുറയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ബാക്കി ആവശ്യമുള്ള ഒരു കോടി രൂപ ഇതിനായുള്ള കോർപ്പസ് ഫണ്ടിൽ നിന്നും നൽകുന്നതാണ്. |
| (ബി) | കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട് പ്രസ്തുത ഇൻഷ്വറൻസിന്റെ പ്രീമിയത്തിലേക്കുള്ള സംസ്ഥാന വിഹിതം വകയിരുത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട് പ്രസ്തുത ഇൻഷ്വറൻസിന്റെ സംസ്ഥാന വിഹിതം വകയിരുത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. റാബി 2019 രണ്ടാം വിളക്കാലത്ത് കുടിശ്ശിക ഉണ്ടായിരുന്ന സംസ്ഥാന വിഹിതം 15,48,01,062.31 രൂപ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുകയും ഇൻഷ്വറൻസ് കമ്പനി കർഷകർക്ക് നൽകുവാൻ കുടിശ്ശികയുണ്ടായിരുന്ന തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഖാരിഫ് 2020 വിളക്കാലത്ത് സംസ്ഥാന വിഹിതമായി നൽകുവാനുണ്ടായിരുന്ന 15,27,66,356.66 രൂപയും ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. റാബി-2020-ലെ സംസ്ഥാന വിഹിതവും അനുവദിച്ചുത്തരവായിട്ടുണ്ട്. |
| (സി) | മഴയും പ്രകൃതി ദുരന്തങ്ങളും കാരണം വിള | (സി) | 06.05.2021 വരെ AIMS - പോർട്ടൽ മുഖാന്തിരം |

| | | | |
|---|---|---|---|
| | നശിച്ചുപോയ സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | | അപേക്ഷ സമർപ്പിച്ച എല്ലാ കർഷകർക്കും പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള സംസ്ഥാന വിഹിതം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 04.06.2021 വരെ AIMS പോർട്ടലിൽ അപേക്ഷ സമർപ്പിച്ച മുഴുവൻ കർഷകർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും (SDRF) തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ